بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

# ജുമുഅ: ഖുത്ബ സംഗ്രഹം 07.06.2024

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

## ബിഅ്ർ മഊന: യുദ്ധനീക്കത്തിന്റെ സംഭവ വികാസങ്ങൾ

اَشْهَدُ اَنْ لَّاۤ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ
نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ
عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

(ഇന്ന് വിവരിക്കുന്ന സരിയ മുൻദിർ ബിൻ അംറ് അഥവാ സരിയ ബിഅ്ർ മഊന എന്ന പേരിൽ അറിയപ്പെടുന്ന യുദ്ധനീക്കത്തിന്റെ) പശ്ചാത്തലത്തെ സംബന്ധിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു, സുലൈം, ഗത്ഫാൻ എന്നീ ഗോത്രങ്ങൾ, അറേബ്യൻ ഗോത്രങ്ങൾക്ക് നടുവിൽ നജ്ദിലെ മേൽ ഭാഗത്താണ് വസിച്ചിരുന്നത്. ഇവർ മുസ്‌ലിംകൾക്കെതിരിൽ മക്കയിലെ ഖുറൈശികളുമായി ചേർന്ന് കഴിയുന്നവരായിരുന്നു. ബനൂആമിർ ഗോത്ര നേതാവായിരുന്ന അബൂബറാഅ് ആമിരി തിരുനബി(സ)നെ സന്ദർശിക്കാൻ എത്തിയപ്പോൾ നബി(സ) വളരെ സൗമ്യമായും സ്നേഹത്തോടെയും അയാൾക്ക് തബ്‌ലീഗ് ചെയ്തു. അയാളും പ്രത്യക്ഷത്തിൽ വളരെ താൽപര്യത്തോടെയും ശ്രദ്ധയോടെയും നബി(സ)ന്റെ പ്രഭാഷണം ശ്രവിക്കുകയുണ്ടായി. പക്ഷെ മുസ്‌ലിമായില്ല. എങ്കിലും അയാൾ തിരുനബി(സ)യോട് പറഞ്ഞു: താങ്കൾ എന്നോടൊപ്പം ഏതാനും സ്വഹാബാക്കളെ നജ്ദിലേക്ക് അയക്കുക, അവർ അവിടെ വന്ന് നജ്ദുകാർക്ക് ഇസ്‌ലാമിന്റെ സന്ദേശം നൽകുകയാണെങ്കിൽ നജ്ദുവാസികൾ താങ്കളുടെ സന്ദേശത്തെ നിരാകരിക്കുകയില്ലെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. നബി(സ) പറഞ്ഞു: എനിക്ക് നജ്ദുകാരിൽ വിശ്വാസമില്ല. അബൂബറാഅ് അവരുടെ സംരക്ഷണ കാര്യത്തിൽ ജാമ്യം നിന്നു. അങ്ങനെ നബി(സ), അബൂ ബറാഅ് ഒരു ഗോത്രത്തലവൻ ആയതുകൊണ്ടും സ്വാധീനമുള്ള ആളായതുകൊണ്ടും അതിൽ വിശ്വസിച്ചുകൊണ്ട് സ്വഹാബാക്കളുടെ ഒരു സംഘത്തെ നജ്ദിലേക്ക് പറഞ്ഞയച്ചു.

ബുഖാരിയിൽ വന്നത്, റഅൽ, ദക്‌വാൻ തുടങ്ങിയ ഗോത്രങ്ങളിലെ ചില ആളുകൾ നബി(സ)ന്റെ സവിധത്തിലെത്തി തങ്ങളുടെ ജനതയിലെ ഇസ്‌ലാമിലെ ശത്രുക്കൾക്കെതിരിൽ തങ്ങളെ സംരക്ഷിക്കാൻ ഏതാനും ആളുകളെ അയക്കണമെന്ന് അപേക്ഷിക്കുകയുണ്ടായി. അതേ തുടർന്ന് നബി(സ) ഒരു സംഘത്തെ അയക്കുകയുണ്ടായി. ഇവരോടൊപ്പം അബൂബറാഉം വന്ന് നബി(സ)നോട് അവർക്കുവേണ്ടി സംസാരിച്ചിട്ടുണ്ടാകുമെന്ന് കരുതേണ്ടി വരും. ഏതായാലും ഹിജ്‌രി നാലാം വർഷം സഫർ മാസത്തിൽ നബി(സ) മുൻദിർ ബിൻ അംറ് അൻസാരിയുടെ നേതൃത്വത്തിൽ 70 സ്വഹാബാക്കളുടെ ഒരു സംഘത്തെ അയക്കുകയുണ്ടായി. എല്ലാവരും വിശുദ്ധ ഖുർആൻ ഖാരിമാർ (ഓത്തു പഠിച്ചവർ) ആയിരുന്നു.

(അല്ലാഹുവിന്റെ ദീൻ ലോകം മുഴുവൻ വിജയിക്കണമെന്നും ജനങ്ങളെല്ലാം ഇഹപരലോകങ്ങളിൽ വിജയിക്കണമെന്നും ആഗ്രഹിച്ചും) തബ്‌ലീഗിനും ദീനീപ്രചരണത്തിനുമുള്ള കടമ പൂർത്തിയാക്കാൻ വേണ്ടിയും മാത്രമാണ് നബി(സ) ഇത്രയും വലിയൊരു നീക്കത്തിന് മുതിർന്നത്.

ഈ സരിയയുമായി ബന്ധപ്പെട്ടു റസൂൽ തിരുമേനി(സ) ആമിർ ബിൻ തുഫൈലിന്റെ പേരിൽ എഴുതിയ ഒരു കത്തിനെപറ്റിയും പരാമർശം കാണുന്നുണ്ട്. ഹദ്റത്ത് ഹറാം ബിൻ മിൽഹാൻ(റ) തന്നോടൊപ്പം രണ്ട് സുഹൃത്തുക്കളായ കഅബ് ബിൻ സൈദ്(റ)നേയും മുൻദിർ ബിൻ മുഹമ്മദ്(റ)നേയും കൂട്ടി നബി(സ)ന്റെ കത്തുമായി ആമിർ ബിൻ തുഫൈലിന്റെ അടുക്കലേക്ക് പോയി. തുടക്കത്തിൽ ആമിർ ബിൻ തുഫൈലും കൂട്ടുകാരും കാപട്യത്തോടുകൂടി അദ്ദേഹത്തെ സ്വീകരിക്കുകയുണ്ടായി. അങ്ങനെ അദ്ദേഹം സമാധാനപൂർവം തബ്‌ലീഗ് ചെയ്തു തുടങ്ങിയപ്പോൾ അവരിൽ ചില അക്രമികൾ ഒരു ദുഷ്ടന് സൂചന നൽകുകയുണ്ടായി, ഉടനെ അയാൾ ഹറാം ബിൻ മിൽഹാനെ പിന്നിൽ നിന്ന് കുന്തംകൊണ്ട് ആക്രമിക്കുകയുണ്ടായി.

അങ്ങനെ അദ്ദേഹം വീഴുമ്പോൾ അദ്ദേഹത്തിന്റെ നാവിൽനിന്നും അനിയന്ത്രിതമായി **ഫുസ്തു വ റബ്ബിൽ കഅബഃ** (കഅബയുടെ നാഥനാണെ സത്യം, ഞാൻ വിജയിച്ചിരിക്കുന്നു) എന്ന വാക്കുകൾ വരികയുണ്ടായി. ആമിർ ബിൻ തുഫൈൽ നബി(സ)ന്റെ ദൂതനെ വധിച്ചതിൽ മാത്രം തൃപ്തിപ്പെട്ടില്ല. മറിച്ച് മുസ്‌ലിംകളുടെ ബാക്കിയുള്ള സംഘത്തേയും ആക്രമിക്കാൻ തന്റെ ഗോത്രമായ ബനൂ ആമിറിന്റെ ആളുകളെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. പക്ഷെ അവർ അതിന് വിസമ്മതിച്ചു. അപ്പോൾ ആമിർ, സുലൈം ഗോത്രത്തിൽനിന്ന് ബനൂ റഅൽ, ദക്‌വാൻ, അസിയ തുടങ്ങിയവരെ തന്റെ കൂടെ ചേർത്ത് മുസ്‌ലിംകളുടെ നിസ്സഹായരായ ഈ ചെറിയ സംഘത്തെ ആക്രമിച്ചു. മുസ്‌ലിംകൾ ഈ മൃഗസമാനരായ ആളുകളെ കണ്ടപ്പോൾ അവരോട് പറഞ്ഞു: ഞങ്ങൾക്ക് നിങ്ങളോട് യാതൊരു വഴക്കുമില്ല. ഞങ്ങൾ തിരുനബി(സ)ന്റെ ഒരു ദൗത്യവുമായിട്ടാണ് വന്നിട്ടുള്ളത്. ഞങ്ങൾ നിങ്ങളോട് ഏറ്റുമുട്ടാനല്ല വന്നിട്ടുള്ളത്. പക്ഷെ അവർ അതൊന്നും കേൾക്കാൻ കൂട്ടാക്കിയില്ല, എല്ലാവരേയും മരണക്കയത്തിലേക്ക് തള്ളിയിട്ടു.

ഈ യുദ്ധനീക്കത്തിൽ ഹദ്റത്ത് ആമിർ ബിൻ ഫുഹൈറയുടെ ശഹാദത്തിനെ കുറിച്ച് പറയുന്നു: ഇദ്ദേഹം ഹദ്റത്ത് അബൂബക്കർ(റ) സ്വതന്ത്രനാക്കിയ അടിമ ആയിരുന്നു. നബി(സ)നോടും ഹദ്റത്ത് അബൂബക്കറിനോടുമൊപ്പം മദീന ഹിജ്റത്തിൽ പങ്കെടുക്കാൻ കഴിഞ്ഞുവെന്ന ബഹുമതിയും അദ്ദേഹത്തിനുണ്ട്. ഇദ്ദേഹവും ബിഅ്റെ മഅ്ഊനയിൽ ശഹീദാക്കപ്പെടുകയുണ്ടായി. ഇദ്ദേഹത്തെ പറ്റി ആമിർ ബിൻ തുഫൈൽ പറഞ്ഞു: ആമിർ ബിൻ ഫുഹൈറ കൊല്ലപ്പെട്ടപ്പോൾ അദ്ദേഹം ആകാശത്തേക്ക് ഉയരുന്നതായി ഞാൻ കാണുകയുണ്ടായി. അദ്ദേഹം ആകാശഭൂമികൾക്കിടയിൽ ഉള്ളതായി ഞാൻ കാണുന്നു. പിന്നെ അദ്ദേഹത്തെ ഭൂമിയിലേക്ക് ഇറക്കുകയുണ്ടായി. ആ ദൃശ്യം കണ്ട സമയത്ത് ഇയാൾ മുസ്‌ലിമായിട്ടുണ്ടായിരുന്നില്ല.

അദ്ദേഹത്തെ പറ്റി അറിവ് ലഭിച്ചപ്പോൾ നബി(സ) അദ്ദേഹം വധിക്കപ്പെട്ടത് സംബന്ധിച്ച് സ്വഹാബാക്കൾക്ക് അറിയിപ്പ് നൽകിക്കൊണ്ട് പറഞ്ഞു: നിങ്ങളുടെ കൂട്ടുകാരൻ ശഹീദാക്കപ്പെട്ടിരിക്കുന്നു. മാത്രമല്ല അദ്ദേഹം തന്റെ റബ്ബിനോട് ദുഃആ ചെയ്തു: അല്ലയോ ഞങ്ങളുടെ നാഥാ! ഞങ്ങളെ സംബന്ധിച്ച് ഞങ്ങൾ നിന്നോടും നീ ഞങ്ങളോടും സന്തോഷത്തിലാണെന്ന് നീ ഞങ്ങളുടെ സുഹൃത്തുക്കൾക്ക് അറിയിപ്പ് നൽകേണമേ. അതേപ്പറ്റി അല്ലാഹു പറയുകയും ചെയ്തു.

ഹദ്റത്ത് ആമിർ ബിൻ ഫുഹൈറയെ ശഹീദാക്കിയ ജബ്ബാർ ബിൻ സൽമ പിന്നീട് മുസ്‌ലിമാകുകയുണ്ടായി. അദ്ദേഹം പറയുന്നു: എന്നെ ഇസ്‌ലാമിലേക്ക് ആകർഷിച്ച കാര്യമെന്തെന്നാൽ, ഞാൻ ആമിർ ബിൻ ഫുഹൈറയെ ശഹീദാക്കിയപ്പോൾ ഞാൻ അദ്ദേഹത്തിന്റെ വായിൽനിന്നും കേട്ട **ഫുസ്‌ത്തു വല്ലാഹി.** അല്ലാഹുവാണെ, ഞാൻ വിജയിച്ചിരിക്കുന്നു എന്ന വാക്കുകൾ എന്റെ കാതിലൂടെ കടന്ന് എന്റെ ഹൃദയത്തിലേക്ക് ഇറങ്ങുകയുണ്ടായി. അങ്ങനെ ഞാൻ പലരോടും അതേപ്പറ്റി അദ്ദേഹം എന്തുകൊണ്ട് അങ്ങനെ പറഞ്ഞു എന്ന് അന്വേഷിക്കുകയുണ്ടായി. അപ്പോൾ മനസ്സിലായത്, ഈ മുസ്‌ലിംകൾ അല്ലാഹുവിന്റെ മാർഗത്തിൽ മരിക്കുമ്പോൾ അല്ലാഹു അവരിൽ തൃപ്തനായെന്നും വിജയം വരിച്ചുവെന്നും മനസ്സിലാക്കുന്നു. ഈ കാര്യങ്ങൾ എന്നിൽ വലിയ സ്വാധീനമുണ്ടാക്കുകയും ഞാൻ മുസ്‌ലിമാകുകയും ചെയ്തു.

ഈ സരിയയിൽ പങ്കെടുത്ത എല്ലാ സ്വഹാബാക്കളുടെയും പേരുകൾ നബിചരിത്രങ്ങളിലോ ഇതര ചരിത്രങ്ങളിലോ രേഖപ്പെടുത്തിയിട്ടില്ല. എങ്കിലും 29 ശഹീദാക്കപ്പെട്ട സ്വഹാബാക്കളുടെ പേരുകൾ കാണുന്നുണ്ട്. ഏതായാലും ജീവനോടെ രക്ഷപ്പെട്ടത് 2 സ്വഹാബാക്കളാണ് ഹദ്റത്ത് അംറ് ബിൻ ഉമയ്യ സംരി, ഹദ്റത്ത് മുൻദിർ ബിൻ മുഹമ്മദ്. ഹദ്റത്ത് മുൻദിർ മുന്നോട്ട് ഗമിച്ച് യുദ്ധം ചെയ്യുകയും അങ്ങനെ ശഹീദാകുകയും ചെയ്തു. ആമിർ ബിൻ തുഫൈൽ, ഹദ്റത്ത് അംറ് ബിൻ ഉമയ്യയെ പിടികൂടുകയും അദ്ദേഹത്തിന്റെ നെറ്റിയിലെ മുടി വെട്ടിമാറ്റുകയും തന്റെ മാതാവിന്റെ വകയായി അദ്ദേഹത്തെ മോചിപ്പിക്കുകയും ചെയ്തു. അവർ ഒരു അടിമ യെ മോചിപ്പിക്കാമെന്ന് നേരത്തെ നേർച്ച നേർന്നിരുന്നു. അറബികൾ തടവുകാരെ മോചിപ്പിക്കാൻ തീരുമാനിച്ചാൽ അയാളുടെ നെറ്റിയിലെ മുടി മുറിക്കുമായിരുന്നു. അവിടെനിന്നും പുറപ്പെട്ട ഹദ്റത്ത് അംറ് ബിൻ ഉമയ്യ ബനൂ ആമിറിലോ ബനൂ സുലൈമിലോ പെട്ട രണ്ടുപേരെ വധിക്കുകയുണ്ടായി. ഇവർ രണ്ട് ആളുകളുമായും നബി(സ)ന്റെ ഉടമ്പടി ഉണ്ടായിരുന്നു. രണ്ട് പേർക്കും സംരക്ഷണം നൽകുകയും ചെയ്തിരുന്നു. പക്ഷെ അംറ് ബിൻ ഉമയ്യക്ക് ഈ ഉടമ്പടിയെ പറ്റി അറിയില്ലായിരുന്നു. അങ്ങനെ നബി(സ) അവർ രണ്ടു പേർക്കുമുള്ള ബ്ലഡ്മണി നൽകുകയും ചെയ്തു.

നബി(സ)നും സ്വഹാബാക്കൾക്കും ഏകദേശം ഒരേ സമയത്താണ് റജീഅ്, ബിഅ്റെ മഅ്ഊന സംഭവങ്ങളെ കുറിച്ച് അറിയിപ്പ് ലഭിച്ചത്. അതേപ്പറ്റി തിരുനബി(സ)ന് വളരെയധികം സങ്കടമുണ്ടായി.

അതിനു മുമ്പോ ശേഷമോ നബി(സ)ന് അത്രയധികം സങ്കടം ഉണ്ടായിട്ടില്ല. ഏകദേശം 80 സ്വഹാബാക്കൾ ഇത്തരത്തിൽ ചതിപ്രയോഗത്തിലൂടെ കൊല്ലപ്പെടുകയുണ്ടായി. അതും എല്ലാവരും ഹാഫിസീംകൾ ആയിരുന്നു. നബി(സ)നെ സംബന്ധിച്ചിടത്തോളം ഇത് സ്വന്തം മക്കളുടെ മരണത്തിന് സമാനമായതോ അതിനേക്കാൾ തീക്ഷ്ണമായതോ ആയ വാർത്തയായിരുന്നു. പക്ഷെ ഇസ്ലാമിൽ ഏതവസ്ഥയിലും ക്ഷമ കൈക്കൊള്ളുവാനാണ് പറഞ്ഞിരിക്കുന്നത്. നബി(സ) ഈ വാർത്ത കേട്ടപ്പോൾ **ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ** എന്ന് പറയുകയും തുടർന്ന് ഇത് അബൂബറാഇന്റെ പണിയുടെ പരിണിതിയാണെന്നും താൻ അവരെ പറഞ്ഞയക്കാൻ ആഗ്രഹിച്ചിരുന്നില്ലെന്നും പറഞ്ഞ് നിശബ്ദനാകുകയും ചെയ്തു.

റജീഅ്, ബിഅ്റെ മഅ്ഊന സംഭവങ്ങൾക്ക് ശേഷം നബി(സ) തുടർച്ചയായി മുപ്പത് ദിവസം, ഫജ്ർ നമസ്കാരത്തിൽ ഇഅ്തിദാലിൽ വളരെ വിലപിച്ചുകൊണ്ട് ബനൂലഹ്യാൻ, റഅൽ, ദക്വാൻ അസിയ ഗോത്രങ്ങൾക്കെതിരിൽ ഇപ്രകാരം പ്രാർഥന ചൊല്ലുകയുണ്ടായി: അല്ലയോ നാഥാ! ഞങ്ങളുടെ അവസ്ഥയിൽ ഞങ്ങൾക്ക്മേൽ കരുണ ചൊരിയേണമേ! നിന്റെ ദീനിനെ ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടി വളരെ നിർദാക്ഷിണ്യം, കഠിന ഹൃദയരായി മുസ്ലിംകളുടെ രക്തം ഒഴുക്കുന്ന ഇസ്ലാമിന്റെ ശത്രുക്കളുടെ കൈകളെ നീ തന്നെ തടയേണമേ!

ഞാൻ സാധാരണ പറയാറുള്ളതുപോലെ ഫലസ്തീനിലെ മർദിതർക്കുവേണ്ടി ദുഃആ ചെയ്തുകൊണ്ടിരിക്കുവാൻ ആഹ്വാനം ചെയ്യുകയാണ്. അല്ലാഹു ദ്രോഹികളെ എത്രയും പെട്ടെന്ന് പിടികൂടുന്നതിന് വഴിയൊരുക്കുമാറാകട്ടെ. നിർദോഷികളായവരെ, സ്വഹാബാക്കളെ വധിച്ചതുപോലെ കൊല്ലുകയാണ്. ചതിയിലൂടെ ചിലപ്പോൾ ഒരിടത്തേക്ക് കൊണ്ടുപോകുന്നു, മറ്റു ചിലപ്പോൾ മറ്റു സ്ഥലത്തേക്ക്; പിന്നെ അവിടെ ബോംബ് വർഷിക്കുകയും ചെയ്യുന്നു. അല്ലാഹു കരുണ ചെയ്യുമാറാകട്ടെ. ലോകത്തിന്റെ പൊതുവായ അവസ്ഥക്കുവേണ്ടിയും ദുഃആ ചെയ്യുക. ലോകം അതിശീഘ്രം നാശത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. യുദ്ധ സാഹചര്യം പ്രകടമായിക്കൊണ്ടിരിക്കുന്നു. അല്ലാഹു അഹ്മദികളെ യുദ്ധത്തിന്റെ ദോഷഫലങ്ങളിൽനിന്നും ദ്രോഹങ്ങളിൽനിന്നും സംരക്ഷിക്കുമാറാകട്ടെ.

പാകിസ്ഥാനിലെ അഹ്മദികൾക്കുവേണ്ടിയും പ്രത്യേകം ദുഃആ ചെയ്യുക. ഇപ്പോൾ വീണ്ടും അവർക്ക് പ്രയാസങ്ങൾ വർധിച്ചു കൊണ്ടിരിക്കുന്നു. അല്ലാഹു കരുണ ചൊരിയുമാറാകട്ടെ. ദ്രോഹികളിൽ നിന്ന് അവരേയും സംരക്ഷിക്കുമാറാകട്ടെ.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَنَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ ۔ وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ ۔ عِبَادَاللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ۔

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 07.06.2024
Malayalam Translation: **Moulavi H. Shamsuddin Kavassery**
Layout: Moulavi T. Jamshad Mukkam, For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516